(ഡി) പ്രവാസി കുടുംബ ആരോഗ്യ പദ്ധതിയിൽ ചേരുന്ന കുടുംബാംഗങ്ങൾക്ക് മൊത്തമായി അഞ്ചു വർഷക്കാലാവധിക്കുള്ളിൽ പലതവണയായോ ഒരാൾക്ക് മാത്രമായോ എല്ലാവർക്കും കൂടിയോ ഇന്ത്യയിൽ ആശുപത്രിയിൽക്കിടത്തി ചികിത്സിക്കുന്നതിനായി രണ്ടു ലക്ഷം രൂപവരെ പ്രീമിയത്തിന്റെ തുകയനുസരിച്ച് അനുവദിക്കുന്നു.

പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച പ്ലാൻ

11 (*11) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഈ വർഷത്തെ പദ്ധതി സംബന്ധിച്ച് പ്ലാനിംഗ് കമ്മീഷനുമായി നടത്തിയ ചർച്ചയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച പ്ലാൻ സംസ്ഥാനത്തിന്റെ വികസന താത്പര്യത്തിന് അനുഗുണമാണെന്ന് കുരുതുന്നുണ്ടോ ;

(സി) സംസ്ഥാന വിഹിതം സ്വരൂപിക്കുന്നതിലെ വീഴ്ചമൂലം വാർഷിക പ്ലാൻ വിഹിതത്തിൽ കുറവു വന്നിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ വ്യാവസായിക, കാർഷിക വളർച്ചയിൽ പ്ലാനിംഗ് കമ്മീഷൻ അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(ഇ) മറ്റു സംസ്ഥാനങ്ങളുടെ തന്നാണ്ടിലെ പ്ലാനുമായി താരതമ്യപഠനം നടത്തിയിട്ടുണ്ടോ ; പശ്ചിമ ബംഗാളിന് ലഭിച്ച വർദ്ധനവിലും തുച്ഛമാണ് നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചതെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ ;

(എഫ്) സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് വാർഷിക പദ്ധതിയിൽ ഗണ്യമായ വർദ്ധനവ് വരും വർഷങ്ങളിൽ ലഭിക്കത്തക്കവിധം ധനകാര്യ മാനേജ്മെന്റിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) കേരളം വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം തുടങ്ങിയ സാമൂഹ്യ സേവന രംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകം പരാമർശിക്കപ്പെടുകയും അതുപോലെ തന്നെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ സംസ്ഥാനം നേടിയ ഗണ്യമായ പുരോഗതി ശ്ലാഘനീയമാണെന്ന് ചൂണ്ടിക്കാണിക്കുകയുമുണ്ടായി. പ്രാദേശിക പരിപ്രേക്ഷ്യങ്ങളും ദേശീയതലത്തിലെ മുൻഗണനകളും സമന്വയിപ്പിച്ചു കൊണ്ട് സംസ്ഥാനത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്നും അഭിപ്രായപ്പെട്ടു. കാലാകാലങ്ങളിൽ, ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തലുകൾ നടത്തി ഗ്രാമതലങ്ങളിൽ ദാരിദ്ര്യത്തിന്റെ തോത് ഈ പ്രസ്ഥാനത്തിലൂടെ എത്ര കണ്ട് കുറയ്ക്കാൻ കഴിയുന്നുവെന്ന് കണ്ടെത്തണമെന്നും ഓർമ്മിപ്പിച്ചു. വ്യാവസായിക വളർച്ച ത്വരിതപ്പെടുത്താൻ കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കേണ്ടതുണ്ടെന്നും വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഈ മേഖലയിൽ കൂടുതൽ മുതൽ മുടക്ക് ഉണ്ടാകണമെന്നുമുള്ള അഭിപ്രായമുണ്ടായി. ജലസേചന പദ്ധതികളും വൈദ്യുതിയുത്പാദന പദ്ധതികളും സമയബന്ധിതമായി പൂർത്തികരിക്കേണ്ടതിന്റെ ആവശ്യകതയും വൈദ്യുതി ബോർഡ്, സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നിവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതിന്റെ അനുപേക്ഷണീയതയും നിർദ്ദേശിക്കുകയുണ്ടായി. സംസ്ഥാനത്തെ മൊത്തം പദ്ധതി നിർവ്വഹണത്തിൽ സംതൃപ്തി പ്രകടിപ്പിക്കുകയും അതോടൊപ്പം പദ്ധതി നടത്തിപ്പിനാവശ്യമായ ധനവിഭവങ്ങൾ സമാഹരിക്കുന്നതിനു പൊതുമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി.

(ബി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതി അടങ്കൽ തന്നാണ്ടിലെ വികസന ആവശ്യങ്ങൾക്ക് പര്യാപ്തമാണ്.

(സി) ഇല്ല.

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച മന്ദഗതിയിലാണെന്നും ടൂറിസം ഒഴികെ വ്യാവസായിക മേഖലയുടെ വളർച്ചയിൽ ആശാവഹമായ പുരോഗതി ഉണ്ടായിട്ടില്ലെന്നും കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിനാവശ്യമായ മൊത്തം ഭക്ഷ്യ ഉല്പന്നങ്ങളുടെ പകുതിപോലും സംസ്ഥാനത്ത് ഉല്പാദിപ്പിക്കാൻ കഴിയുന്നില്ലെന്നും കമ്മീഷന് അഭിപ്രായമുണ്ട്. എന്നാൽ, ആസൂത്രണ കമ്മീഷനിലെ തന്നെ ഒരംഗത്തിന്റെ അടുത്തകാലത്തെ വിശകലനത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വികസനത്തിൽ സമീപകാലത്ത് സ്തുത്യർഹമായ വളർച്ച നേടിയിട്ടുണ്ടെന്നു രേഖപ്പെടുത്തുകയുണ്ടായി. 1991-98 കാലഘട്ടത്തിൽ, കേരളത്തിന്റെ വരുമാനത്തിലുള്ള (State Income) 5.81 ശതമാനം വളർച്ച മറ്റ് 14 പ്രധാന സംസ്ഥാനങ്ങൾക്ക് ഏകദേശം തുല്യമാണെന്നും പ്രതിശീർഷ വരുമാനത്തിൽ 14 സംസ്ഥാനങ്ങളുടെ ശരാശരിയായ 4.02 ശതമാനത്തിന്റെ സ്ഥാനത്ത് കേരളത്തിന്റേത് 4.52 ശതമാനം ആയിരുന്നെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

(ഇ) എല്ലാ സംസ്ഥാനങ്ങളുടെയും തന്നാണ്ടിലെ പദ്ധതികളിന്മേലുള്ള ചർച്ചകൾ ആസൂത്രണ കമ്മീഷൻ പൂർത്തികരിച്ചിട്ടില്ല. വ്യക്തമായ വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്ന പദ്ധതി അടങ്കൽ ' കോർപ്ലാൻ' (Core Plan) നായി അംഗീകരിക്കുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൊത്തം പദ്ധതി അടങ്കലിലെ ബാക്കി വിഭവ സമാഹരണം ഉറപ്പാക്കുന്നതരത്തിൽ നടപ്പിലാക്കാവുന്നതുമാണെന്ന ഒരു സമീപനമാണ് ഈ വർഷത്തെ വാർഷിക പദ്ധതി നിശ്ചയിക്കുന്നതിനു ആസൂത്രണ കമ്മീഷൻ സ്വീകരിച്ചിരിക്കുന്നത്. ഇത്തരത്തിൽ പദ്ധതി അടങ്കൽ നിശ്ചയിച്ചിട്ടുള്ള പശ്ചിമബംഗാൾ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളുടെ 'കോർപ്ലാൻ' അടങ്കൽ,

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ട പദ്ധതി അടങ്കലിനെ അപേക്ഷിച്ച് യഥാക്രമം 10.8%, 6.8%, 13.2%, 10.4% കുറവായിരുന്നെങ്കിൽ കേരളത്തിന്റേത് 6.2% മാത്രമായിരുന്നു. പശ്ചിമബംഗാളിന്റെ കോർപ്ലാൻ കഴിഞ്ഞ വർഷത്തെ പദ്ധതി അടങ്കലിനെ അപേക്ഷിച്ച് 2.23% കുറവായിരുന്നെങ്കിൽ കേരളത്തിന്റെ കോർപ്ലാൻ കഴിഞ്ഞ വർഷത്തെ പദ്ധതി അടങ്കലിനെ അപേക്ഷിച്ച് 2.1% കൂടുതലാണ്.

(എഫ്) വാർഷിക പദ്ധതികളുടെ നടത്തിപ്പിലും പദ്ധതി തുക വിനിയോഗിക്കുന്നതിലും കഴിഞ്ഞ വർഷങ്ങളിൽ കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങൾ സംസ്ഥാന സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ കാര്യക്ഷമതയുടെ ഉത്തമദൃഷ്ടാന്തങ്ങളാണ്. സംസ്ഥാനത്തിന്റെ ധനസ്ഥിതി സർക്കാർ നിരന്തര പഠനത്തിനും അവലോകനത്തിനും വിധേയമാക്കിക്കൊണ്ടിരിക്കുന്നു.

പൊതുജനാരോഗ്യ മേഖലയിൽ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം

12 (*12) ശ്രീ. എം. ദാസൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്:
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയെ മെച്ചപ്പെടുത്താനും സങ്കീർണ്ണമായ രോഗങ്ങളുടെ ചികിത്സയ്ക്കുമായി എല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം അനിവാര്യമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) എല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഗ്രാമീണജന വിഭാഗങ്ങൾക്ക് വിദഗ്ധ ചികിൽസ ലഭ്യമുക്കുന്നതിന്റെ ഭാഗമായി ഇതിനകം എത്ര ആരോഗ്യ സ്ഥാപനങ്ങൾ ഫസ്റ്റ് റഫറൽ യൂണിറ്റുകളാക്കാൻ തീരുമാനമായിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(എഫ്) ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ തുടർ വിദ്യാഭ്യാസ പദ്ധതി, തിരുവനന്തപുരം കണ്ണാശുപത്രിയിലെ താക്കോൽ ദ്വാര നേത്ര ശസ്ത്രക്രിയ പദ്ധതി എന്നിവയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഏർപ്പെടുത്താൻ ഉദ്ദേശിച്ചുള്ള സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly